**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി.പി. സുമോദ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കൂടുതലായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; | (ബി) | അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നും ഒരു സംസ്ഥാനതല റിസോഴ്സ് പേഴ്സൺ പാനൽ രൂപീകരിച്ച്, അവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷനോടൊപ്പം പ്രവർത്തിക്കുവാൻ സജ്ജമാക്കുക എന്നതാണ് പ്രാഥമിക പ്രവർത്തനം. ഇതിനായി ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ച്, സ്ക്രൂട്ടിണി പൂർത്തിയാക്കിയിട്ടുണ്ട്. പരിശീലനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കും. തുടർന്ന് എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഉത്തരവാദിത്ത ടൂറിസം അവബോധക്ലാസ്സുകളും, തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഉത്തരവാദിത്ത ടൂറിസം എങ്ങനെ വിജയകരമായി നടപ്പിലാക്കാം എന്നുള്ള പരിശീലനവും നൽകും. |
| (സി) | പദ്ധതിയുടെ ഭാഗമായിരുന്ന അനേകം പേർക്ക് അടച്ചുപൂട്ടലിൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇവർക്ക് പ്രസ്തുത മേഖലയിൽ സംരംഭം പുനരാരംഭിക്കുന്നതിന് സാമ്പത്തിക സഹായമോ | (ഡി) | കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്നു പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും, ചെറുകിട സംരംഭകരേയും, |

| | | | |
|---|---|---|---|
| | വായ്പയോ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളേയും / സംരംഭങ്ങളേയും സഹായിക്കുന്നതിനായി "റിവോൾവിംഗ് ഫണ്ട് പദ്ധതി" ആരംഭിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ